LIBRARY ARCHIVES Kerala Legislative Assembly

വിധിയായ എം.എ.സി.റ്റി. കേസുകളിൽ അടിയന്തിരസഹായം ലഭ്യമാക്കുന്നതിന് നടപടി

95 [2867] ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വാഹനാപകടങ്ങളിൽ വിധിയായ, കെ. എസ്. ആർ. ടി. സി. ഉൾപ്പെട്ട എത്ര എം.എ.സി.റ്റി. കേസുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇവയിൽ സർക്കാർ, ഹൈക്കോടതിയിൽ റിട്ട് പെറ്റീഷൻ നൽകിയ എത്ര കേസുകൾ ഉണ്ട്;

(സി) പ്രസ്തുത അപകടങ്ങളിൽപ്പെട്ട് വളരെക്കാലം ചികിത്സയിൽ കഴിഞ്ഞ വരും, ഇപ്പോൾ ചികിത്സയിൽ കഴിയുന്നവരുമായിട്ടുള്ളവർ അനുഭവിക്കുന്ന സാമ്പത്തിക ബുദ്ധിമുട്ടും ദുരിതവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇവർക്ക് എം.എ.സി.റ്റി. വിധിയുടെ തുകയിൽ നിന്ന് ഒരു വിഹിതം അടിയന്തിരമായി നൽകി സഹായിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കെ. എസ്. ആർ. ടി. സി. ഉൾപ്പെട്ട അപകടങ്ങളിൽ വിധിയായ 7894 കേസ്സുകൾ നിലവിലുണ്ട്.

(ബി) 597 കേസ്സുകളിൽ കെ. എസ്. ആർ. ടി. സി. ബഹു. ഹൈക്കോടതിയിൽ അപ്പീൽ പെറ്റിഷൻ നൽകിയിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) സാമ്പത്തിക ബുദ്ധിമുട്ടുമൂലമാണ് ഇതിന് കഴിയാത്തത്.

ഫെയർ സ്റ്റേജ് സ്റ്റോപ്പുകൾ

96 [2868] ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകാര്യ ബസ്സ് റൂട്ടുകളിൽ നിലവിലുള്ള ഫെയർ സ്റ്റേജ് സ്റ്റോപ്പുകൾ സംബന്ധിച്ച് ഗവൺമെന്റ് അവസാനം പുറപ്പെടുവിച്ച ഉത്തരവ് എന്നായിരുന്നുവെന്ന് വെളിപ്പെടുത്താമോ;

(ബി) ഈ ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ;

(സി) കോഴിക്കോട് ജില്ലയിലെ പുതിയങ്ങാടി-അത്തോളി-ഉള്ളിയേരി റൂട്ടിലും, കൊയിലാണ്ടി-ബാലുശ്ശേരി-താമരശ്ശേരി റൂട്ടിലും, കോഴിക്കോട്-കക്കോടി-ബാലുശ്ശേരി റൂട്ടിലും നിലവിലുള്ള അംഗീകൃത ഫെയർ സ്റ്റേജ് സ്റ്റോപ്പുകളുടെ ലിസ്റ്റ് ലഭ്യമാക്കുമോ?

ഉത്തരം

(എ) 1-8-1981-ൽ നിലവിലുണ്ടായിരുന്ന ഫെയർസ്റ്റേജ് സ്റ്റോപ്പുകളാണ് ഇപ്പോഴും നിലവിലുള്ളത്.

(ബി) ഫെയർ സ്റ്റേജുകളെ സംബന്ധിച്ച തീരുമാനം കൈക്കൊള്ളേണ്ടത് അതാത് ആർ.റ്റി.എ.-കളാണ്. ഇവ ആർ.റ്റി.എ-കളിൽ നിന്നും ശേഖരിച്ച് ലഭ്യമാക്കുന്നതാണ്.

(സി) കോഴിക്കോട് റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റിയിൽ നിന്നും ശേഖരിച്ച് ലഭ്യമാക്കുന്നതാണ്.

സ്വകാര്യ ബസ്സുകളിലെ ക്ലീനർമാർ സൃഷ്ടിക്കുന്ന തടസ്സമൊഴിവാക്കാൻ നടപടി

97 [2869] ശ്രീമതി ശോഭനാ ജോർജ് :
ശ്രീ. ടി. വി. ചന്ദ്രമോഹൻ :
ഡോ. എം. എ. കുട്ടപ്പൻ :
ശ്രീ. വർക്കല കഹാർ :
,, ജി. പ്രതാപവർമ്മ തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വകാര്യ ബസ്സുകളിലെ 'കിളി'കൾ അവയുടെ ചവിട്ടുപടികളിൽ നിന്ന് ആളുകൾ അതിൽ കയറുന്നതിനും, ഇറങ്ങുന്നതിനും തടസ്സം സൃഷ്ടിക്കാറുണ്ട് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഒരാളിന് മാത്രം കയറാനോ ഇറങ്ങാനോ സൗകര്യമുള്ള വാതിലിന്റെ ചവിട്ടുപടിയിൽ 'കിളി' നിൽക്കുന്നത് ബസ്സിൽ കയറുന്ന സ്ത്രീകൾക്കും വൃദ്ധന്മാർക്കും തടസ്സം സൃഷ്ടിക്കുന്നതിന് ഇടയാകുന്നുണ്ടോ എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ബസ്സിന്റെ ചവിട്ടുപടിയിലുള്ള 'കിളി'യുടെ നിൽപ്പ് അവസാനിപ്പിക്കുവാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) കേരള മോട്ടോർ വാഹന നിയമം 153 ബി (ജി) പ്രകാരം 'കിളി' ചവിട്ടുപടിയിൽ നിൽക്കാൻ പാടില്ല. ഇതിന് എതിരെ പ്രവർത്തിക്കുന്നവരുടെ പേരിൽ നടപടി സ്വീകരിച്ചു വരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly